Santhigiri

ഗുരുവാണി

"സ്നേഹമാണ് ഈശ്വരൻ എന്ന് പറയുമ്പോൾ നമുക്ക് മനസ്സിലാകുന്നത് നമ്മുടെ ഉള്ളിൽ സ്നേഹമുള്ളതുകൊണ്ടാണ്. സ്നേഹത്തിന്റെ വൈരാഗ്യം എങ്ങനെയെന്ന് കാണിച്ചുതരുന്ന ചിലകാര്യങ്ങൾ നമ്മളിൽ തന്നെയുണ്ട്. നമ്മളെത്ര വിദ്വാനോ അവിദ്വാനോ എന്തായാലും ശരി സ്നേഹം പകർന്നാലേ ലോകത്ത് നമുക്ക് മുന്നേറാൻ കഴിയൂ."

# ഉമ്മിണിതങ്കം

VOL 05 | ISSUE 20 | 2019 മെയ് 19 | 1194 ഇടവം 05

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# ബി.എസ്.എം.എസ് : ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന് മികച്ച വിജയം

**ഹെൽത്ത്കെയർ സോൺ** : സംസ്ഥാനത്ത് ഇക്കൊല്ലം നടന്ന ബി.എസ്.എം.എസ് ഫൈനൽ പരീക്ഷയിൽ 82.76 ശതമാനം വിജയം. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ പരീക്ഷയെഴുതിയ പതിമൂന്നാം ബാച്ചിലെ 29 കുട്ടികളിൽ 24 പേർ വിജയിച്ചു. മംഗളവല്ലി ജെ., ആര്യ രവീന്ദ്രൻ എന്നിവർ ഡിസ്റ്റിംഗ്ഷൻ കരസ്ഥമാക്കി. അഞ്ജന യു.കെ., അമൃത ബി., വിഷ്ണുപ്രിയ ബി., ജെന്നിഫർ ജയിംസ് നെറ്റോ, ഭൂമിക ജി.എസ്, നൗഷീന പി., ബിന്ദുജ വി.എസ്., ആതിര ജെ.ജി., മനീഷ് മുരളി, അഷ്മിത ദേവി റ്റി.എസ്., ജ്യോതി എൻ., ഹൃദയകുമാരി പി., വൈഷ്ണവി പി., ശ്രീകല കെ.എസ്., ആര്യലക്ഷ്മി എം.എസ്., ചിങ്കുലക്ഷ്മി ബി.സി., പ്രമിഷ എം.പി., റിയ പവിത്രൻ, അശ്വതി പി.പി., വന്ദന എസ്. എന്നിവരാണ് ഫസ്റ്റ് ക്ലാസ് നേടിയത്. അഞ്ജന കെ.രാജു, പ്രിയങ്ക എന്നിവർ സെക്കന്റ് ക്ലാസിന് അർഹരായി. കേരള ആരോഗ്യസർവകലാശാലയിൽ നിന്നും പ്രൊഫഷണൽ സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ വിജയിച്ചവർക്ക് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യാൻ കഴിയും. തുടർന്ന് ഒരു വർഷത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയതിനു ശേഷം ഡോക്ടർമാരായി പ്രാക്ടീസ് ചെയ്യാവുന്നതാണ്.

ശാന്തിഗിരി ആശ്രമത്തിന്റെ നവആരോഗ്യധർമ്മസിദ്ധാന്തം എന്ന വീക്ഷണത്തിന്റെ ഭാഗമായിട്ടാണ് 2002ൽ പോത്തൻകോട് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് സ്ഥാപിക്കപ്പെട്ടത്. ഇംഗ്ലീഷ് മാധ്യമമായുള്ള ഇന്ത്യയിലെ ആദ്യ സിദ്ധ മെഡിക്കൽ കോളേജാണിത്. മികച്ച അക്കാഡമിക് നിലവാരം പുലർത്തുന്നതിനാലും ഇംഗ്ലീഷ് പഠനമാധ്യമമായതിനാലും വിദേശത്ത് നിന്ന് വരെ നിരവധി വിദ്യാർത്ഥികൾ ശാന്തിഗിരി സിദ്ധ മെ



മംഗളവല്ലി ജെ.



ആര്യ രവീന്ദ്രൻ

ഡിക്കൽ കോളേജിൽ നിന്നും ബിരുദം കരസ്ഥമാക്കിയിട്ടുണ്ട്. പതിനൊന്ന് ബാച്ച് വിദ്യാർത്ഥികളാണ് ഇതിനകം കോഴ്സ് പൂർത്തിയാക്കി പ്രാക്ടീസ് നടത്തുന്നത്. ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഹെൽത്ത്കെയർ സെന്ററുകളിലും സിദ്ധ മെഡിക്കൽ കോളേജിൽ നിന്നും പഠിച്ചിറങ്ങിയ ഡോക്ടർമാർ സേവനത്തിലുണ്ട്. ആദ്യകാലഘട്ടങ്ങളിൽ കേരളത്തിൽ വിരലിലെണ്ണാവുന്ന സിദ്ധ ഡോക്ടർമാർ മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നാൽ ഇന്ന് സംസ്ഥാന- കേന്ദ്ര സർക്കാരിന്റെ ആയുഷ് വിഭാഗത്തിനു കീഴിൽ കേരളത്തിൽ മാത്രം അൻപതോളം സിദ്ധ ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നു. രോഗപ്രതിരോധത്തിന് വളരെ പ്രാധാന്യം കല്പിക്കുന്ന ചികിത്സാവിഭാഗമാണ് സിദ്ധ. സിദ്ധക്ക് കേരളത്തിൽ ഇത്രമേൽ പ്രചാരണം നേടാൻ കഴിഞ്ഞത് അർപ്പണബോധമുള്ള ഡോക്ടർമാരുടെ ഒരു സമൂഹം കൂടി ഉള്ളതിനാലാണ്. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ പൂർവ വിദ്യാർത്ഥികളുടെ അക്ഷീണമായ പ്രവർത്തനത്തിലൂടെ കേരളത്തിൽ മികച്ച ആരോഗ്യ സംസ്കാരം സൃഷ്ടിക്കാനാവുമെന്ന് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ അക്കാഡമിക് വിഭാഗം വൈസ് പ്രിൻസിപ്പാൾ ഡോ.കെ.ജഗന്നാഥൻ അഭിപ്രായപ്പെടുന്നു.



# നന്മയുടെ ഇതളുകളായി ശാന്തിമഹിമ

**തണ്ണീർമുക്കം** : ശാന്തിഗിരി ആശ്രമം രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ശാന്തിഗിരി ശാന്തിമഹിമ കോട്ടയം തണ്ണീർമുക്കം കെ.റ്റി.ഡി.സി. ഗേറ്റ്‌വേ റിസോർട്ടിൽ 'നന്മയുടെ ഇതളുകൾ' ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ പ്രവർത്തകർ പങ്കെടുത്തു. മേയ് 10ന് ആരംഭിച്ച ക്യാമ്പ് എം.ജി.യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ.ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ഇന്ദ്രിയങ്ങളുടെ അടിമയാകാതെ ഈശ്വരസ്മരണയോടെ ജീവിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അറിവിൽ അഹങ്കരിക്കരുതെന്നും അമിതമായ വികാരങ്ങൾക്ക് അടിമപ്പെടരുതെന്നും തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ചടങ്ങിൽ മഹനീയ സാന്നിധ്യം വഹിച്ച സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി നമ്മുടെ ജീവിതം കൊണ്ട് ലോകത്തിന് മാതൃകയാകണമെന്ന് സൂചിപ്പിച്ചു. ഗുരുദത്ത് ബി. സ്വാഗതവും വന്ദനൻ എസ്. കൃതജ്ഞതയും അർപ്പിച്ചു.

അന്ന് വൈകുന്നേരം 4.30ന് മുൻ ഡി.ജി.പി. ഡോ.അലക്സാണ്ടർ ജേക്കബ്ബ് നയിച്ച ക്ലാസ്സ് ഏറെ പ്രയോജനകരമായിരുന്നു. നമ്മുടെ വ്യക്തിത്വത്തെ എങ്ങനെ വികസിപ്പിക്കണമെന്നും ഭയത്തെ നിർമ്മാർജ്ജനം ചെയ്യുന്നതെങ്ങനെയെന്നും അദ്ദേഹം ചരിത്രത്തിലെ ഉദാഹരണങ്ങൾ സഹിതം വിശദീകരിച്ചു.

മേയ് 11ന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ സജീവ് റ്റി.ഒ. നയിച്ച ലഹരിവിരുദ്ധ ക്ലാസ്സ് നടന്നു. തുടർന്ന് സംസാരിച്ച സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി തന്റെ ആദ്യകാല ആശ്രമാനുഭവങ്ങൾ കുട്ടികളുമായി പങ്ക് വച്ചു. ഗുരുവാണികളെ വ്യാഖ്യാനിക്കാൻ നിൽക്കാതെ അനുസരണയോടെ ജീവിക്കാൻ എല്ലാവർക്കും കഴിയട്ടെ എന്ന് സ്വാമി അഭിപ്രായപ്പെട്ടു. ലേബർ ഇന്ത്യാ ചെയർമാൻ ജോർജ്ജ് കുളങ്ങര നയിച്ച ജീവിതവിജയ പരിശീലനക്ലാസ്സും കുട്ടികൾക്ക് ആസ്വാദ്യകരമായിരുന്നു. രാത്രി നടന്ന സത്സംഗത്തിന് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി തുടങ്ങിയവർ നേതൃത്വം നൽകി. സമാപനദിവസമായ മേയ് 12ന് വേമ്പനാട്-പുന്നമട കായലുകളിലൂടെ നടത്തിയ ഉല്ലാസയാത്ര വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു. അന്ന് വൈകുന്നേരം ശാന്തിഗിരി ആശ്രമം ഹരിപ്പാട് ബ്രാഞ്ച് സന്ദർശിച്ചു. രാത്രി 11 മണിയോടെ സംഘാംഗങ്ങൾ ആശ്രമത്തിൽ തിരികെ എത്തി. ക്യാമ്പിന് പോകുന്ന സമയത്ത് അഭിവന്ദ്യശിഷ്യപൂജിത നൽകിയ സങ്കൽപം എല്ലാ ശാന്തിമഹിമ പ്രവർത്തകരുടേയും മനസ്സിന് ഊർജ്ജം പകർന്ന് നൽകുന്നതായിരുന്നു.

# ഗുരുവാണി

പൗർണമിവ്രതം എന്താണെന്ന അറിവ് നമുക്കില്ലാത്ത ഒരു പരിചയമാണുള്ളത്. സൂര്യൻ, ചന്ദ്രൻ, ഭൂമി - ഈ മൂന്നു ഗോളങ്ങളാണു പൗർണമിയുമായി ബന്ധപ്പെട്ടിരിക്കുന്നത്. കർമം തീർക്കാനുള്ള ഭൂമി, കർമഭൂമികയിലേക്ക് വരുന്നത് സൂര്യന്റെ ശക്തികൊണ്ടു പരിണാമം സംഭവിച്ച ജീവന്റെ ഗതിവിഗതികളെക്കൊണ്ടാണ്. ഈ കർമഭൂമികയിൽ നമ്മൾ എന്തുചെയ്യണം, എന്തുചെയ്യേണ്ട എന്നു പറഞ്ഞുതരുന്ന ഒരറിവിൽ വേണം നിങ്ങൾ പരിചയപ്പെടേണ്ടത്. അല്ലാതെ വേദാന്തശകലങ്ങൾ പറഞ്ഞു ഫലിപ്പിച്ച് നിങ്ങളെ നശിപ്പിക്കുന്ന കർമത്തിലേക്ക് നിങ്ങൾ ഒരുമ്പെട്ടുപോകാൻ ഇടവരരുത്. നിങ്ങളുടെ അറിവിനുവേണ്ടി പറയുന്ന ഈ സത്യമായ വാക്കുകളെ നിങ്ങൾ മാറ്റം ചെയ്യരുത് എന്ന് എനിക്കൊരപേക്ഷയുണ്ട്.

ഇവിടെ ഇങ്ങനെയൊരു പ്രാർത്ഥന ചെയ്യുന്നത് അറിയിപ്പനുസരിച്ചാണ്. ഈ പ്രാർത്ഥന ചെയ്യുന്ന സമയത്ത്, നിങ്ങൾക്കോരോർമ വേണം, അനേകകാലങ്ങളിലെ തെറ്റു തീർക്കുന്ന ഈ പ്രാർത്ഥനാസമയത്ത് അറിവുകേടിന്റെ ഒരു ചെറിയ പോറലെങ്കിലും ഉള്ളിൽ വന്നുപോയാൽ അതു പടരും. അനേക വിധത്തിൽ അതു പടരും. ഗൃഹസ്ഥാശ്രമികളുടെ സകല കർമങ്ങളിലും അതുപോലെ സന്ന്യാസിമാരുടെയും ബ്രഹ്മചാരികളുടെയും സകല കർമങ്ങളിലും വന്നുപോയിട്ടുള്ള അപാകതകൾ നിവാരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനയാണു നമ്മൾ ചെയ്യുന്നത്. നമ്മുടെ മനസ്സിന്റെ കഴിവിനൊത്ത കാര്യമല്ല നമ്മൾ ചെയ്യുന്നത്. അതുകൊണ്ട് ചില പാകപ്പിഴകളും അറിവുകേടുകളും ഒക്കെ വന്നേക്കാം. ആരാലും പറയാൻ കഴിയാത്ത ദൂരത്തിലുള്ള ഒരു വിശേഷം നമ്മളെക്കൊണ്ടു ചെയ്യിക്കുന്നത് ദൈവേച്ഛ എന്നല്ലാതെ വേറൊന്നും പറയാനില്ല. കാലങ്ങളായി വന്നു ചേർന്ന എന്റെയും എന്റെ പൂർവികരുടെയും എന്നല്ല, ലോകജനതയുടെ ആകമാനം പോരായ്മകളും മാറിയിട്ട് അതിന്റെ ഇരട്ടി തൂക്കത്തിൽ നന്മപകരാൻ ദൈവം നമുക്കായിത്തന്നിരിക്കുന്ന ഈ ഗുരുവിനും ഗുരുപരമ്പരയ്ക്കും ഇടവരുമാറാകട്ടെ എന്നു നിങ്ങൾ സദാ ചിന്തിക്കണം. നിങ്ങൾ വളർത്തുകയും വളരുകയും ചെയ്യുന്ന കുഞ്ഞുങ്ങളും സന്ന്യാസം സ്വീകരിച്ച് ഇവിടെ നിൽക്കുന്ന പിള്ളേരും ഒരുപോലെ ഈ ശ്രേഷ്ഠകർമത്തിൽ പങ്കാളികളാണ്. നിങ്ങളെല്ലാവരും ഒരുമിച്ചു ചെയ്യുന്ന കർമത്തിലൂടെ ഒരു നിവൃത്തിമാർഗം വരണമെങ്കിൽ എന്തുപോലെ ചെയ്യണം എന്നുംകൂടി നിങ്ങൾ ചിന്തിക്കണം. സന്ന്യാസിമാരിൽക്കൂടിയും അവരുടെ പരമ്പരയിൽക്കൂടിയും എന്നല്ല, ഈ ലോകത്ത് ഏതെല്ലാം ഭാഗങ്ങളിൽക്കൂടി കുറവുകൾ വന്നിട്ടുണ്ടോ അതെല്ലാം നശിച്ചിട്ട്, ആ സ്ഥാനത്ത് ബ്രഹ്മനിശ്ചയപ്രകാരമുള്ള നന്മ ഗുരുപരമ്പരയിൽക്കൂടി വരണം എന്ന് എന്തു വേലചെയ്യുമ്പോഴും എപ്പോഴും ചിന്തിക്കണം. പഠിക്കുന്ന കുട്ടികൾക്ക് മനസ്സിന് ഒരറിവു വരാതിരിക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കണം, ഈ പരമ്പരയിലെ കുട്ടികൾ എന്നല്ല, എവിടെയെല്ലാം തെറ്റിപ്പോയ കുട്ടികളുണ്ടോ അവർക്കെല്ലാം ഈ വഴിക്കു നന്മ വരാൻ നിങ്ങൾ പ്രാർത്ഥിക്കണം. ഇതു ദൈവം നമുക്കു പറഞ്ഞു തന്ന വാക്കാണ്. ആൺപിള്ളേരെയും പെൺപിള്ളേരെയും പ്രത്യേകം പ്രത്യേകം ശ്രദ്ധിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം. ഒരു പെണ്ണായ എന്നിൽ നിന്നും വരുന്ന കർമം ഈ ലോകത്തിലെ പെണ്ണിന്റെ തെറ്റു തിരുത്തണം, ആണും. ഇതായിരിക്കണം നിങ്ങളുടെ യോഗ്യത. ആണിന്റെയും പെണ്ണിന്റെയും ഈ യോഗ്യത ഒരുമിച്ചു മുന്നേറുകയാണ്. ആ സമയത്ത് നമ്മുടെ മനസ്സു ചീത്തയാകാനോ മനസ്സിനെ ചീത്തയാക്കുന്ന സാഹചര്യത്തിൽ ചെന്നുപെടാനോ പാടില്ല. വിശേഷിച്ചും ഇവിടെ വളരുന്ന ആണും പെണ്ണും ഉലകിന്റെ തീർപ്പുകൽപിക്കേണ്ടവരാണ്. ഈ ധർമ്മബോധം കൊണ്ടാണ് നമ്മൾ വലിയവരാകേണ്ടത്. ഈ ധർമത്തിൽ നിന്നുകൊണ്ട് പരമ്പരാഗതമായ വേറെ ഏതെങ്കിലും സൗരയൂഥങ്ങളുണ്ടെങ്കിൽ അതിൽക്കൂടി ഇന്നോളം വന്നിട്ടുള്ള സകല തെറ്റുകളും തീർന്ന് ഞങ്ങൾക്കുവേണ്ടത് വേണ്ടപ്പോൾ ചെയ്യാനുള്ള അറിവും പരിചയവും പഴക്കവും തരണേ എന്നതാണു സദാ ഉള്ള നമ്മുടെ പ്രാർത്ഥന. ആ അറിവ് നമുക്കുണ്ടായി, ദൈവമായി പറഞ്ഞു തന്നു ചെയ്യിപ്പിക്കുമ്പോൾ നമ്മൾ ചെയ്യാൻ തയ്യാറായിരിക്കണം. ഇതല്ലാതെ വഴിയിൽക്കിടക്കുന്ന ചവറുപോലുള്ള ചിന്ത മനസ്സിൽക്കയറാൻ അനുവദിക്കരുത്.

## വചനദീപ്തി

*നിന്റെ എല്ലാവഴികളിലും അവനെ നിനച്ചുകൊൾക;*
*അവൻ നിന്റെ പാതകളെ നേരെയാക്കും.*

**ബൈബിൾ**

**സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്**

23.05.2019 – ശാന്തിപുരം, രത്നഗിരി, സ്നേഹപുരം

**യാമപ്രാർത്ഥന**

2019 മെയ് 23 – 6 PM- 9 PM

# ചൈതന്യസ്വരൂപം

പ്രകാശപഥം

ഗുരു അനുഭവസാക്ഷിത്വമാണ്. ആ സാക്ഷിത്വം എന്റെ ഗുരു ഏതെല്ലാം മന്വന്തരങ്ങളിൽ ഏതെല്ലാം മനുവിനെ ദീർഘദർശിത്വസ്വഭാവത്തിൽ നിന്ന് തിരുത്തിക്കൊടുത്തെന്നും ആ മനു എന്റെ ഗുരുവിനെ എങ്ങനെ വണങ്ങിനിന്നെന്നും ആ മനുക്കൾക്കും മനുവായി എന്റെ ഗുരു എങ്ങനെ പ്രവർത്തിച്ചൊതുക്കിയെന്നും ആ തപശ്ചര്യയിൽ എന്റെ ഗുരു ഏതെല്ലാം സ്വഭാവത്തിൽ ഈ ജീവകോടികളോട് ഇണങ്ങിച്ചേർന്നെന്നും ആ ജീവകോടികൾ ഏതെല്ലാം സ്വഭാവത്തിൽ ഈ സൗരയൂഥങ്ങളിൽ ഒതുങ്ങിക്കൂടിയിരിക്കുന്നെന്നും കണ്ടറിയുന്നു.

ഭൂമിക്ക് അടിയിൽത്തന്നെ ഏതെല്ലാം സൗരയൂഥങ്ങൾ ഉണ്ടെന്നും ആ സൗരയൂഥങ്ങൾക്ക് ചുറ്റും ഏതൊക്കെ സൗരയൂഥങ്ങൾ പ്രവർത്തിക്കുന്നെന്നും അങ്ങനെ ഈ സൂക്ഷ്മലോകത്തും ഈ ബാഹ്യലോകത്തും നാം കണ്ടിട്ടുള്ളതും കണ്ടിട്ടില്ലാത്തതുമായ കാര്യങ്ങൾ പങ്കുവെച്ചിട്ട് തന്റെ ശിഷ്യനെ തന്റേതാക്കുന്ന പ്രകൃതത്തിലേക്ക് ആത്മസാക്ഷാത്കാരത്തിൽക്കൂടി ബാഹ്യദൃഷ്ടിയിൽ ഒന്നും പറയാതെ തന്റെ പ്രകാശരൂപത്തോട് ചോദിച്ചറിയുന്ന സ്വഭാവം. ആ സ്വഭാവം ഈ പരമ്പരയിൽ എക്കാലവും കാണും. അതാണ് ഗുരു നിന്ന് എക്കാലവും ഈ പരമ്പരയെ നയിക്കുമെന്നും ഞാനായിട്ടു തന്നെ ഭരിക്കുമെന്നും അറിയിച്ചിരിക്കുന്നത്.

ആ ഭരിക്കുന്ന രംഗം പ്രത്യക്ഷീഭവിച്ച് ഓരോ മനുഷ്യഹൃദയത്തിലേക്കും ഗുരുവിന്റെ രൂപം എങ്ങനെയൊക്കെയാണോ പ്രവർത്തിക്കേണ്ടത് ആ പ്രവർത്തന ശേഷിത്വത്തിലേക്ക് കടന്നുവരികയും ശൈവ-ശാക്താ-ആഗമ എന്ന സിദ്ധാന്തത്തിലേക്ക് ഏതെല്ലാം ആയിത്തീരുന്നു, ഏതെല്ലാം ആയിത്തീരില്ല എന്നു ഈ ശിഷ്യൻ കണ്ടിട്ട് ഗുരുവും ശിഷ്യനുമായിട്ട് പങ്കുവെച്ചിട്ട് ഈ 'വേതാളനഗരം ബത' എന്നു പറയുന്ന ഭാഗത്തുനിന്നും മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന ഒരു സ്വഭാവമുണ്ട്. മനുഷ്യൻ പിശാചാകാം. ഋഷിയാകാം, കർമിയാകാം, യോഗിയാകാം, ഭക്തനാകാം, ജ്ഞാനിയാകാം, സന്ന്യാസിയാകാം. അങ്ങനെ ഈശ്വരചൈതന്യത്തിൽക്കൂടി സഞ്ചരിക്കുന്ന ഈശ്വരനാകാം, അങ്ങനെ എല്ലാമായിക്കഴിഞ്ഞതിനു ശേഷം ദൈവം എന്നൊരു പ്രകാശരൂപമുണ്ട്. ആ പ്രകാശരൂപം ഈ സൗരയൂഥകോടികളിൽ എങ്ങനെ വിലയം പ്രാപിച്ചുനിൽക്കുന്നുവെന്നും ഈ അവസ്ഥയിൽത്തന്നെ ഗുരു കാണിച്ചുതരികയും ആ ഗുരു ആരാണെന്ന് നമ്മൾതന്നെ നമ്മളോട് ചോദിക്കുകയും ആ ഗുരുവിന്റെ ശിഷ്യനും ശിഷ്യഗണങ്ങളുമാകാനും ഈ പ്രകൃതിയിൽ ആ ഗുരുവിനെ ഒരു നോക്ക് കാണാനും ആ സ്പർശനം ഏറ്റുവാങ്ങാനും അതിനുള്ള പുണ്യവും ഭാഗ്യവും സിദ്ധിച്ചവരാണ് നമ്മൾ.

ഇനി വരും തലമുറകൾ ഇത് കണ്ടിട്ട് എന്റെ ഗുരു ഇങ്ങനെയൊക്കെ ആയിരുന്നോ, ഇന്നതുപോലെ ഒരു മഹാത്മാവ് വന്നിരുന്നോ, ഇന്നതായി തീർന്നു എന്നും തിരിച്ചറിയും. ഞാൻ കണ്ടതിൽ നിന്നും അപ്പുറമായി കാണുകയും ആ കണ്ട കാഴ്ച വേറൊരു സ്വഭാവത്തിൽ കണ്ടിട്ട് ഈ പ്രകൃതിയിൽ സൂക്ഷ്മീകരിച്ച് നിർത്തേണ്ടതിനെ നിർത്തുകയും അല്ലാത്തതിനെ മോചനപ്പെടുത്തുകയും അല്ലെങ്കിൽ ജനിപ്പിക്കേണ്ടതിനെ ജനിപ്പിക്കുകയും മുക്തി കൊടുക്കേണ്ടതിനെ മുക്തി കൊടുക്കുകയും ചെയ്യും. അങ്ങനെ സമ്പാദിക്കുന്ന ഒരു ശിഷ്യപരമ്പര ഈ ഗുരുവിന്റെ തപശ്ചര്യകൊണ്ട് നേടിയിരിക്കുന്നു. ആ നേടിയിരിക്കുന്ന കർമം ഈ ഭൂലോകത്തിൽ ഒരു ശിഷ്യൻ എങ്ങനെ പങ്കുവെക്കും?

ഒരു ചെറിയകാര്യം കൂടി ഞാൻ പറയാം. എന്റെ ഗുരുവിന്റെ ജനനം ഇന്നതുപോലെ അല്ലേ? അല്ലെങ്കിൽ ഇന്നതുപോലെയാണല്ലോ എന്ന് എനിക്ക് ഓർമ വരുന്ന സമയത്ത് ഈ ഗുരുവിന്റെ നിയോഗം എന്താണെന്നും ഈ ബ്രഹ്മപ്രകാശം എങ്ങനെയാണ് ഗുരുവിനെ സൂക്ഷ്മീകരിച്ച് അല്ലെങ്കിൽ അതിന്റെ നിയോഗമായിട്ട് ആഗ്രഹപൂർത്തീകരണത്തിനുവേണ്ടി ഈ കലിയിങ്കൽത്തന്നെ എങ്ങനെ കൊണ്ടുവന്നു. കലിയുഗത്തിൽ അതിന്റെ ധർമാനുസൃതമായ കർമത്തിൽ അല്ലെങ്കിൽ കാലാനുസൃതമായ കർമത്തിൽ എന്റെ ഗുരുവിന്റെ ശക്തി എവിടെയാണ് സൂക്ഷ്മീകരിച്ചു നിർത്തിയിരിക്കുന്നത്. അല്ലെങ്കിൽ ആ ചൈതന്യസ്വരൂപം എങ്ങനെയാണ് നിർത്തിയിരിക്കുന്നതെന്ന ഭാവം ഞാൻ കണ്ടിട്ട് കരയുന്ന രംഗങ്ങൾ അനവധി എന്റെ ജീവിതത്തിൽ കടന്നുവന്നു. എങ്ങനെ കരയുന്നു? എനിക്ക് മറ്റൊന്നിനോടും ആഗ്രഹമില്ല. കാരണം എന്റെ ഗുരു കഷ്ടപ്പെടുന്നതിന്റെ ഒരംശം ഇതിന്റെ തപോബല സുകൃതത്തിൽ വന്നണഞ്ഞ ഏതെങ്കിലും ഒരു ഭാഗം എന്റെ ജീവിതത്തിൽ ചേർത്തുവെയ്ക്കാൻ എനിക്ക് കഴിഞ്ഞില്ലെന്ന ദു:ഖം എന്റെ അനുഭവസാക്ഷിത്വംകൊണ്ട് അറിഞ്ഞിട്ട് ഞാൻ കരയുന്ന രംഗമാണിത്.

( 'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ' അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ബ്രഹ്മജ്ഞാനത്തിന് അവകാശപ്പെട്ട കാലം

വേദമന്ത്രോച്ചാരണങ്ങളും യജ്ഞഹോമാദികളും കൊണ്ട് പൂരിതമായിരുന്ന ബ്രാഹ്മണ അഗ്രഹാരങ്ങൾ ഇന്ന് ദാരിദ്ര്യത്തിന്റെയും തീരാവ്യാധിയുടെയും മന്ദബുദ്ധികളുടെയും ജീവിതം നിഷേധിക്കപ്പെട്ട സ്ത്രീത്വത്തിന്റെയും കേളീരംഗമായിരിക്കുന്നു. ചണ്ഡാളകർമം കൊണ്ട് അഷ്ടിക്കുവക തേടേണ്ട ഗതികേടിൽ എത്തിനിൽക്കുകയാണ് ആ സമൂഹം. ഈ അധഃപതനത്തിനു കാരണമെന്ത്? സനാതനധർമത്തിൽ അധിഷ്ഠിതമായ ജീവിതത്തിൽ നിന്നുണ്ടാകുന്ന ഗുണഫലങ്ങൾ മറ്റാർക്കും കിട്ടാതിരിക്കാൻ അവർ ബുദ്ധിപൂർവം പ്രവർത്തിച്ചു. ഇതാണ് ഒരു കാരണം. വൈദിക സമ്പ്രദായവും വർണാശ്രമധർമത്തിന്റെ നീതിയും പ്രയോജനപ്പെടുത്തി ജനങ്ങളെ വർഗഭേദങ്ങളിലേക്ക് തിരിച്ചുവിട്ടു. ഇത് മറ്റൊരു കാരണം. ഭരണത്തിലൂടെയും സംഹിതകളിലൂടെയും തങ്ങൾ പ്രത്യക്ഷദൈവങ്ങളെന്ന് വരുത്തുകയും അംഗീകരിപ്പിക്കുകയും ചെയ്തവരാണവർ. ശൂദ്രന് അക്ഷരാഭ്യാസം പാടില്ല, ആരാധന പാടില്ല, സന്ന്യാസം പാടില്ല. ഒരു ആചാര്യജന്മം യോഗ്യമെന്നു കണ്ടാൽ അതിനെ തങ്ങളുടെ ആരാധനയ്ക്കായി സ്വീകരിച്ചുകൊണ്ട് തങ്ങൾക്കുവേണ്ടി അതിന്റെ പവിത്രത വിടാതെ സൂക്ഷിക്കുകയും മറ്റുള്ളവർക്കുവേണ്ടി തരള രസഭാവനകൾ തുളുമ്പുന്ന കാവ്യനാടകാദി സൃഷ്ടികൾ നടത്തുകയും ചെയ്തു. മാദകലഹരിയുടെ മണിച്ചെപ്പുകൾ തുറന്ന് ആസക്തികളെ കൊടുങ്കാറ്റാക്കുകയും സംസ്കാരത്തിന്റെ ആധാരശിലകളെയും ഉന്നതശില്പങ്ങളെയും ചീന്തി എറിയുകയും ചെയ്തു. ഈ വിധം ആചാര്യനെ നിന്ദിച്ച് പാപശക്തി ഏൽക്കാൻ പാവപ്പെട്ടവനെ തയാറാക്കി. തങ്ങൾക്കെതിരെ ശബ്ദിച്ചാൽ ബ്രഹ്മഹത്യാപാപത്തിന് ഇരയാകുമെന്ന് ഭയപ്പെടുത്തുകയും ചെയ്തു.

ത്രേതായുഗത്തിലെ ആദിപുരുഷനും മര്യാദാപുരുഷോത്തമനുമായി ജന്മംകൊണ്ട ശ്രീരാമൻ എല്ലാ ഗോത്രങ്ങൾക്കും ശുദ്ധിവരുത്താനായി അന്നോളമുണ്ടായ സകല ധർമങ്ങളെയും സ്വീകരിച്ചു. ബ്രാഹ്മണ സിദ്ധാന്തത്തെയും പൂർണമായി അംഗീകരിച്ചു. പക്ഷേ ബ്രാഹ്മണ ഇല്ലത്തിൽ ബാലമൃത്യു ഉണ്ടായപ്പോൾ ശൂദ്രമുനിയായ ശംബൂകനെ വധിക്കാൻ ശ്രീരാമന്റെ മേൽ സമ്മർദ്ദം ചെലുത്തി. സമ്മർദ്ദത്തിനു വഴങ്ങി ആ കൃത്യം ചെയ്തപ്പോൾ ധർമഗതി ആകെ തകിടംമറിഞ്ഞു. ത്രേതായുഗത്തിലെ നീതിശാസ്ത്രപ്രകാരം ശൂദ്രൻ തപസുചെയ്യാൻ പാടില്ല. ഇതേ നീതിതന്നെ മറ്റു യുഗങ്ങളിലും അനുവർത്തിക്കാൻ പാകത്തിൽ ഇണക്കിച്ചേർത്തു. ധർമത്തിന്റെ ഈ മറിച്ചിൽ തിരുത്തിക്കുറിക്കാനെളുപ്പമല്ല. ക്ഷത്രിയധർമ ഗ്ലാനിക്ക് അടിസ്ഥാനഹേതു ഇവിടെ ആരംഭിക്കുകയാണ്.

# ബി. എസ്. എം. എസ് റിസൾട്ട് — ഫസ്റ്റ് ക്ലാസ്സ് ലഭിച്ചവർ


എബിൻ പി. റോബിൻ


അമൃത ബി.


അഞ്ജന യു.കെ


ആര്യലക്ഷ്മി എം.എസ്.


അഷ്മിത ദേവി റ്റി.എസ്.


അശ്വതി പി.പി.


ആതിര ജെ. ജി.


നൗഷീന പി.


ഭൂമിക ജി.എസ്,


ചിങ്കുലക്ഷ്മി ബി.സി.,


ജെന്നിഫർ ജയിംസ് നെറ്റോ


ജ്യോതി എൻ.


ബിന്ദുജ വി. എസ്.


പ്രമിഷ എം.പി.


ശ്രീകല കെ.എസ്.


മനീഷ മുരളി


ഹൃദയകുമാരി പി.


വന്ദന എസ്.


റിയ പവിത്രൻ


വിഷ്ണുപ്രിയ ബി.


വൈഷ്ണവി പി.

## സെക്കന്റ് ക്ലാസ്സ്


അഞ്ജന കെ.രാജു


പ്രിയങ്ക

## പൗർണ്ണമി ആഘോഷിച്ചു

**സ്പിരിച്വൽ സോൺ :** ഇടവ മാസത്തെ പൗർണ്ണമി മെയ് 18ന് ആഘോഷിച്ചു. വൈകുന്നേരം നടന്ന ദീപം പ്രദക്ഷിണത്തിൽ നൂറുകണക്കിന് ആത്മബന്ധുക്കൾ പങ്കെടുത്തു.

# ദിവംഗതരായി


*കെ.കമലം*

**രത്നഗിരി :** ജ്യോതിപുരം 'ശാന്തത്തിൽ'കെ.കമലം (76) മെയ് 17ന് ദിവംഗതയായി. സംസ്കാരം നടന്നു. ശാന്തിഗിരി വിദ്യാഭവൻ മുൻ പ്രിൻസിപ്പാൾ ദിവംഗതനായ പ്രൊഫ. പി.എസ്. വിജയരാഘവന്റെ ഭാര്യയാണ്. മക്കൾ: ജയ വി. (ടീച്ചർ, എസ്.വി.ബി.എസ്. എസ്.എസ്.), ഡോ.സജിത് വിജയരാഘവൻ (പ്രൊഫസർ, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്), ഡോ.പുഷ്പജ വി. (സീനിയർ മെഡിക്കൽ ഓഫീസർ (ഹോമിയോ), ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്). മരുമക്കൾ : ഉല്ലാസ് ബി. (എ.ജി.എം. (പർച്ചേസ്) ശാന്തിഗിരി ആശ്രമം), ഡോ.പൂജ എസ്., അജിത് കെ.എസ്. (എഞ്ചിനീയർ, ഇന്ത്യൻ റെയിൽവേ).


*ജാനകി സുഗതൻ*

**എജ്യൂക്കേഷൻ സോൺ :** ജ്യോതിപുരം 'ഗുരുവാണി'യിൽ ജാനകി സുഗതൻ (65) മെയ് 17ന് ദിവംഗതയായി. സംസ്കാരം നടന്നു. റിട്ട. ബി.എസ്.എഫ്. ഉദ്യോഗസ്ഥൻ പി.റ്റി. സുഗതന്റെ ഭാര്യയാണ്. മക്കൾ : ഡോ.ശ്രദ്ധ സുഗതൻ (അഡീ.മെഡിക്കൽ ഓഫീസർ, ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), ശ്രുതി സുഗതൻ (ദുബായ്). മരുമക്കൾ : പ്രേംദാസ് എച്ച്. (കൺവീനർ, എസ്.വി.ബി.എച്ച്. എസ്.എസ്.), കനകരാജ് ആർ. (ദുബായ്)

# ശാന്തിഗിരിയുടെ പ്രവർത്തനങ്ങൾ ഉത്തരാഖണ്ഡിൽ ആരംഭിക്കുന്നു

**സ്പിരിച്വൽ സോൺ :** ശാന്തിഗിരിയുടെ പ്രവർത്തനങ്ങൾ ഉത്തരാഖണ്ഡിൽ ആരംഭിക്കുന്നു. ഇതിന്റെ മുന്നോടിയായി ആയുർവേദ സിദ്ധ ആരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കുമെന്ന് ഉത്തരാഖണ്ഡ് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ധാൻസിംഗ് റാവത് പറഞ്ഞു. മന്ത്രി കഴിഞ്ഞ ദിവസം ശാന്തിഗിരി ആശ്രമം സന്ദർശിച്ചു. ശാന്തിഗിരിയുടെ പ്രവർത്തനങ്ങളും ആശയവും ഏറെ വിലപ്പെട്ടതാണ്. പ്രത്യേകിച്ച് സിദ്ധയ്ക്കും ആയുർവേദത്തിനും ശാന്തിഗിരി നൽകുന്ന പ്രാധാന്യം. അതു ബോധ്യമായിട്ടാണ് താനിത് തീരുമാനിച്ചതെന്നും അദ്ദേഹം പറഞ്ഞു. പൗർണ്ണമി ദിവസം ആശ്രമത്തിലെത്തിയ അദ്ദേഹം താരപർണ്ണശാലയിൽ പുഷ്പസമർപ്പണം നടത്തി.


*ഉത്തരാഖണ്ഡ് മന്ത്രി ഡോ.ധാൻസിംഗ് റാവത് താരപർണ്ണശാലയിൽ പുഷ്പസമർപ്പണം നടത്തുന്നു*

# വനകാന്തി തൊട്ടറിഞ്ഞ് ഗുരുകാന്തി കുരുന്നുകൾ



**നന്ദൻ.വി.ബി. കൊഞ്ചിറ**

ശാന്തിഗിരിയിൽ നിന്നും വനത്തിന്റെ നിറഞ്ഞ ശാന്തതയിൽ എത്തിയ അവർ, കുരുന്നുകൾ വനകാന്തിയിൽ ലയിച്ചുചേരുകയായിരുന്നു. എന്തൊരു ശാന്തത, എന്തൊരു ശീതളിമ. ചുറ്റിനും നിൽക്കുന്ന മരങ്ങളുടെ ചില്ലകൾ അവരുടെ ശിരസിന് മുകളിൽ കുടവിരിച്ച് തണലേകി. ഗുരു ഇരുകൈകളുമുയർത്തി അനുഗ്രഹിക്കുന്നതുപോലെ, ആ അനുഗ്രഹീത കരങ്ങൾ വിടർന്ന് വികസിച്ച് അവർക്കുവേണ്ടി ചില്ലകളുടെ രൂപം കൈക്കൊണ്ടതാണോ, കാറ്റിൻസ്പർശത്താൽ ചലിക്കുന്ന ഇലകൾ കാരുണ്യം നിറഞ്ഞ ഗുരുവിൻ കണ്ണുകൾ തൻ പീലികളാണെന്ന് അവർ കരുതി. അമ്മയുടെ സ്നേഹമസൃണമാം തഴുകൽപോലെ, ഔഷധചെടികളെ തൊട്ടുരുമ്മി അവയുടെ ഗന്ധവും പേറിയുള്ള കാറ്റ് കുട്ടികളുടെ മുടിയിഴകളെ പറത്തികൊണ്ടിരുന്നു. കാടിനെക്കാണാൻ കാടിനെ അറിയാൻ കോട്ടൂർ അഗസ്ത്യവനത്തിലെത്തിയ ഒരു കൂട്ടം കുട്ടികൾ, അവർ പ്രകൃതിയുടെ യഥാർത്ഥ ഗന്ധമറിയുകയായിരുന്നു.

ശാന്തിഗിരി ഗുരുകാന്തിയുടെ അവധിക്കാല ക്യാമ്പിൽ പങ്കെടുക്കുന്ന അൻപത്തഞ്ച് കുട്ടികളാണ് പ്രകൃതിപഠനത്തിന്റെ ഭാഗമായി കോട്ടൂർ വനത്തിലെത്തിയത്. പ്രകൃതിയുടെ യഥാർത്ഥ നിറവും സൗന്ദര്യവും ആസ്വദിച്ച്, പശ്ചിമഘട്ട താഴ്‌വരയിലെ സഹ്യന്റെ മടിത്തട്ടിൽ അവർ സ്വയം മറന്നു നിന്നു. പ്രകൃതിയുടെ സുഖശീതളിമയിൽ നിന്ന്, ഈ സ്വതന്ത്രലോകത്തു നിന്ന് ക്ലാസ് മുറിയിലെ ചുവരുകൾക്കുള്ളിലേക്ക് പോകാൻ അവർ മിക്കവരും മടിച്ചു. ‘ഇന്നിവിടെ നിന്നും പോകാൻ കഴിയാത്തവിധം എന്തെങ്കിലും തടസമുണ്ടായെങ്കിൽ, ഒരുദിവസമെങ്കിൽ ഒരു ദിവസം കൂടി ഇവിടെ തങ്ങാൻ അവസരം ലഭിച്ചെങ്കിൽ’ അവരിൽ ചിലർ ഇങ്ങനെയും പ്രാർത്ഥിച്ചുപോയി. കാറ്റത്ത് ഇളകിയാടിക്കൊണ്ടിരിക്കുന്ന പച്ചിലപീലികൾക്കുള്ളിലെ തേജസുറ്റ കണ്ണുകൾ അതുകേട്ട് കണ്ണിറുക്കി ചിരിച്ചു. ‘മക്കളേ... എല്ലാത്തിനും ഒരു കാലയളവ് നിശ്ചയിച്ചിട്ടുണ്ട്, അതുപാലിച്ചേപറ്റൂ’. ഇലകളുടെ മർമ്മരത്തിനൊപ്പം അതു പ്രതിധ്വനിച്ചത് കുഞ്ഞുകർണ്ണങ്ങൾ കേട്ടില്ല. അപ്പോഴേക്കും കാടിന്റെ വശ്യതയിൽ ലയിച്ചു ചേർന്ന കുട്ടികൾ, കാടുകാണാൻ അവസരം സൃഷ്ടിച്ച ദൈവത്തിന് നന്ദിപറഞ്ഞുകൊണ്ട് പാടിതുടങ്ങിയിരുന്നു. ‘പാടും ജീവിത രാഗംതാളം...’ കൈകൾകൊട്ടിയും നൃത്തംവച്ചും അവർ പാടികൊണ്ടിരിക്കുന്നത് ചിലർ കാണുന്നുണ്ടായിരുന്നു. അതുവരെ മരപൊത്തുകളിലും ഇലകൾക്ക് പിന്നിലും മറഞ്ഞിരുന്നവർ, കിളികൾ. ‘അത്ഭുതം, കാട്ടിലെത്തിയിട്ട് ആനകളേയും ആനക്കുട്ടികളേയും മറ്റു ചില ജീവികളേയും കണ്ടെങ്കിലും ഇതുവരെ ഒരൊറ്റ കിളിനാദം പോലും ഞങ്ങൾ കേട്ടിരുന്നില്ല. എന്തേ ഈ കാട്ടിൽ കിളികളൊന്നുമില്ലേ? എന്നു ഞങ്ങൾ ശങ്കിച്ചുപോയിരുന്നു. എന്നാൽ ഞങ്ങളുടെ പാട്ടുകഴിഞ്ഞപ്പോൾ കിളികൾ പറക്കുന്നതു കണ്ടു ചിലക്കുന്നത് കേട്ടു’. ശാന്തിഗിരി ഗുരുകാന്തി അംഗവും ഏഴാം ക്ലാസുകാരിയുമായ സ്നേഹവല്ലി പറഞ്ഞു. ‘അല്ല, എന്നെ അത്ഭുതപ്പെടുത്തിയത് മറ്റൊന്നായിരുന്നു. നീലനിറത്തിലുള്ള ഒരു സുന്ദരി കിളി ഒരു മരക്കൊമ്പിൽ ഞങ്ങളെ കുറേനേരം നോക്കിയിരുന്നു. കുറച്ച് നേരം അങ്ങനെയിരുന്ന ശേഷം അത് പറന്നു. അപ്പോഴാണ് ഞങ്ങൾ അത്ഭുതപ്പെട്ടുപോയത്. നീലനിറംമാറി പൂർണ്ണമായും വെള്ളനിറം. ആ തൂവെള്ള ചിറകുകൾ ഒരു മാലാഖയുടേതുപോലെ ആകാശത്തിലെ വെളുത്തകാർമേഘങ്ങൾക്ക് നേരെ പറന്നുയർന്നുകൊണ്ടിരുന്നു’. ഇതു പറഞ്ഞത് ഏഴാം ക്ലാസുകാരി നന്മപ്രിയ. ഏതാണാ പക്ഷി? എന്താണതിന്റെ പേര്? എന്തൊക്കെയാണ് അതിന്റെ പ്രത്യേകതകൾ? കാടുകാണിക്കാൻ കാര്യങ്ങൾ പറഞ്ഞുകൊടുക്കാൻ അവർക്കൊപ്പം ഉണ്ടായിരുന്ന ഗൈഡ് രാജേന്ദ്രനോട് കുട്ടികൾ ചോദിച്ചു. കാർമേഘത്തിലേക്ക് ലയിച്ചുചേർന്നുകൊണ്ടിരുന്ന പക്ഷിയിൽ നിന്നും ദൃഷ്ടി പിൻവലിച്ച് അയാൾ ചുറ്റിനും കൂടിയ കുട്ടികളിലേക്കിട്ടു, പിന്നെ മിഴിപൂട്ടി, ‘അറിയില്ല, ഞാനിതുവരെ ഇത്തരത്തിലൊരു പക്ഷിയെ ഈ കാട്ടിൽ കണ്ടിട്ടില്ല’ പിന്നെ അയാൾ കണ്ണ് തുറന്ന് കുട്ടികളെ നോക്കി മന്ദഹസിച്ചു. ‘നിങ്ങൾ ഭാഗ്യം ചെയ്ത കുട്ടികളാണ്’ അയാൾ പറഞ്ഞു. 26 വർഷമായി കോട്ടൂരിൽ ഗൈഡാണ് രാജേന്ദ്രൻ. ‘നിങ്ങൾ ഗുരുവിന്റെ മക്കളാണ് അതിൻറേതായ ‘കാക്കൽ’ നിങ്ങൾക്കുണ്ടാകും’. അന്നു രാവിലെ പുറപ്പെടും മുൻപ് ശിഷ്യപൂജിതയെ കണ്ടപ്പോൾ പറഞ്ഞ മൊഴി ഈ അവസരത്തിൽ ചിലർ ഓർത്തെടുത്തു.

ശാന്തിഗിരി വിദ്യാഭവനിൽ നടന്ന ഏഴ് ദിവസത്തെ ഗുരുകാന്തി അവധിക്കാല ക്യാമ്പിന്റെ ഭാഗമായാണ് കുട്ടികൾ കോട്ടൂർ വനത്തിലെത്തിയത്. ശാന്തി-മൂല്യ നൈപുണ്യ വികസനപദ്ധതി പ്രകാരം സംഘടിപ്പിച്ച ക്യാമ്പ് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി, എം.പി.പ്രമോദ് എന്നിവരും നിരവധി രക്ഷാകർത്താക്കളും ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചിരുന്നു. കുട്ടികളുടെ വ്യക്തിത്വവികാസത്തിനും വിജ്ഞാന വികാസത്തിനും ആക്കം കൂട്ടുന്നതിന് പ്രചോദനമാകുന്ന വിവിധ വിഷയങ്ങളാണ് വിദഗ്ധർ കുട്ടികൾക്ക് മുന്നിൽ അതരിപ്പിച്ചതും ചർച്ചചെയ്തതും. പന്തളം എൻ.എസ്.എസ് കോളേജ് അസി.പ്രൊഫസർ ഡോ. ജി.വി.ഹരി, തിരുവനന്തപുരം ഗവ.വിമൻസ് കോളേജ് അസി. പ്രൊഫസർ ഡോ. സ്വപ്നാ ശ്രീനിവാസൻ, പ്രമുഖ പരിശീലകനായ പി.വി.സുരേന്ദ്രനാഥ്, അഞ്ചു.പി. രാജ്, തോന്നയ്ക്കൽ മണികണ്ഠൻ, ബി.ആർ.സി പരിശീലകനായിരുന്ന എം. രവീന്ദ്രൻ നായർ, മജീഷ്യൻ മനു പൂജപ്പുര, ഡോ. ദിവ്യ ചന്ദ്രൻ, ഡോ. പ്രകാശ് രാമകൃഷ്ണൻ, എച്ച്.എസ്.എസ് പരിശീലകൻ അജീഷ് തൃശ്ശൂർ എന്നിവരാണ് ക്യാമ്പിൽ കുട്ടികൾക്ക് വേണ്ടി വിജ്ഞാനം പകർന്നത്.

ഗുരുകാന്തി ക്യാമ്പിന്റെ അവസാനദിവസത്തെ പരിപാടി ഒരു വനയാത്രയാകട്ടെ എന്ന നിശ്ചയത്തെതുടർന്ന് അതിന് വേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ചത് ശാന്തിഗിരി പബ്ലിക് റിലേഷൻസ് അസി. ജനറൽ മാനേജർ എം.പി.പ്രമോദാണ്. 14ന് രാവിലെ ആശ്രമത്തിലെത്തി പ്രാർത്ഥിച്ച് ശിഷ്യപൂജിതയുടെ അനുഗ്രഹവും പ്രസാദവും വാങ്ങിയിട്ടാണ് സംഘം കോട്ടൂരേക്ക് പോന്നത്. കോട്ടൂരിലെ ആനപരിപാലന കേന്ദ്രത്തിലാണ് കുട്ടികളെത്തിയത്. 89 വയസുള്ള സോമൻ എന്ന ആന കുട്ടികളെ ഏറെ ആകർഷിച്ചു. പിന്നെ മനു, കർണ്ണൻ, അർജുൻ, ജയശ്രീ എന്നിങ്ങനെ 15 ആനകൾ. പാപ്പാൻമാർക്ക് ചുറ്റിനും നിന്ന് ആനക്കുട്ടികൾ കുറുമ്പുകാട്ടുന്നത് കണ്ടപ്പോൾ കുട്ടികളിൽ ചിലർക്ക് ആനക്കുട്ടികളെ തൊടാനും തോണ്ടാനും മോഹം. പക്ഷേ കമ്പിവേലിക്കകത്താണ് അവർ. ആനക്കാഴ്ചകൾക്ക് ശേഷം ഒരു ചെറു ആന വിവരണം. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി പ്രതിനിധി ബുഷ്റയാണ് കുട്ടികൾക്ക് ആനകളുടെ പരിപാലനത്തെക്കുറിച്ചും അവയുടെ സ്വഭാവ സവിശേഷതയെക്കുറിച്ചും ക്ലാസെടുത്തത്. ഇതിനു ശേഷമാണ് കുട്ടികൾ ഗൈഡ് രാജനൊപ്പം കിഴക്കേമല വനയാത്രക്ക് പുറപ്പെട്ടത്.

ഉച്ചഭക്ഷണത്തിനു ശേഷം നെയ്യാർഡാം സന്ദർശനം. ഡാമിൽ വെള്ളംകുറവ്. എങ്കിലും കുട്ടികളിൽ പലരും ആദ്യമായി ഡാം കാണുന്നവരായിരുന്നു. അതുകൊണ്ട് അവർക്ക് ഡാം ഇഷ്ടപ്പെട്ടു. പ്രത്യേകിച്ച് ഡാമിലെ ഉദ്യാനത്തിൽ നിർമ്മിച്ചിരിക്കുന്ന പ്രതിമകൾ. എല്ലാം ഒറിജിനലാണെന്ന് തോന്നും. കുട്ടികൾ പ്രതിമകൾക്കു മുന്നിൽ നിന്ന് സെൽഫികളെടുത്തു. ഒരുമണിക്കൂറിലധികം ഡാമിൽ ചുറ്റിയടിച്ചശേഷം വൈകുന്നേരം ചായകുടി കഴിഞ്ഞ് മടക്കയാത്ര. ബസിൽ ആടിയും പാടിയും പ്രാർത്ഥിച്ചുമുള്ള രസികൻ യാത്ര. വാളുവച്ചത്? ശ്ശൊ! മോശം, അത് രഹസ്യമായിതന്നെയിരിക്കട്ടെ. യാത്രവിവരണം തന്നവർ പരസ്പരം പിറുപിറുത്തു. ‘അങ്കിളേ അതു പറയണ്ട’ താക്കീത് ചെയ്തതുകൊണ്ട് ഞാനും കമാന്ന് മിണ്ടുന്നില്ല. പിറ്റേന്ന്, 15ന് ഉച്ചയ്ക്ക് കുട്ടികളുടെ സംഘം ഗുരു ദർശനം നടത്തി. കഥകൾ പലതും വിവരിച്ചു.







Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala